**ചോദ്യമാതൃക**

**ഹയർ സെക്കണ്ടറി രണ്ടാം വർഷം- മലയാളം-2023**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ശരിയായ ഉത്തരമെഴുതുക.**

1.'വെള്ളത്തെ വെടിഞ്ഞു 'പാലന്ന' മെന്നതു പോലെ' -'അന്നം ' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

a. ഭക്ഷണം

b. അരയന്നം

c. സന്തോഷം

d. ദുഃഖം

2. "വിളിച്ചു ഭൈമി വിജനേ പറഞ്ഞാൾ " - പറഞ്ഞതാര്?

a.ഋതുപർണ്ണൻ

b. ദമയന്തി

c. നളൻ

d. കേശിനി

3. താഴെ പറയുന്ന കഥാപാത്രങ്ങളിൽ നിയമപാലകൻ ആര്?

a. രാജഗുരു

b. വിദൂഷകൻ

c. കൊത്തുവാൾ

d. അടിച്ചുതളിക്കാരി

4. ദുബായ് കത്തുപാട്ടിന്റെ രചയിതാവ്?

a. മോയിൻകുട്ടി വൈദ്യർ

b. എസ് എ ജമീൽ

c. പുലിക്കോട്ടിൽ ഹൈദർ

d. കലാമണ്ഡലം ഹൈദരാലി

5.'കിശോരിലാൽ' എന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്?

a. വൈക്കം മുഹമ്മദ് ബഷീർ

b. പൊൻകുന്നം വർക്കി

c. തകഴി ശിവശങ്കരപിള്ള

d. ഗ്രേസി

6. പി സായിനാദ് ഏത് മേഖലയുമായി പ്രവർത്തിക്കുന്നു?

a. സ്പോർട്സ്

b. കൃഷി

c. പത്രപ്രവർത്തനം

d. നിരൂപണം

(6×1=6)

## ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

7. നവമാധ്യമങ്ങൾ എന്നതിനേക്കാൾ ഉചിതം സാമൂഹിക മാധ്യമങ്ങൾ എന്ന് വിളിക്കുന്നതാണ്. എന്തുകൊണ്ട്?

8.'നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം'-ശകുന്തള ഇപ്രകാരം പറയാൻ കാരണമെന്ത്?

9. കമ്പ്യൂട്ടറിന്റെ വരവ് ശ്രീധരൻ എന്ന കഥാപാത്രത്തിന്റെ ജീവിതചര്യയിൽ കൊണ്ടുവന്ന രണ്ടു മാറ്റങ്ങൾ?

10. രാജ്യതന്ത്രങ്ങൾക്കും വംശീയ തർക്കങ്ങൾക്കും അപ്പുറത്തേക്ക് നീളുന്ന സ്നേഹാദരങ്ങളുടെ ഒരു പുരസ് കാരമായിരുന്നു അത് -ഏതിനെക്കുറിച്ചായിരുന്നു പരാമർശം?

(3×2=6)

## ഏതെങ്കിലും നാലെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

11. "നല്ലതുവല്ലോം മോഷ്ടിച്ചാലുടനെ -അവനെ -വെറുതെ

കള്ളനാക്കും നിങ്ങടെ ചട്ടം

മാറ്റുക മാറ്റുക ചട്ടങ്ങളെയവ

മാറ്റും നിങ്ങളെയല്ലെങ്കിൽ"-ആശയം വിശദീകരിക്കുക

12.അയുക്തി ഹാസ്യത്തിന് കാരണമാകാറുള്ളത് 'തേങ്ങ' എന്ന കവിതയുമായി ബന്ധപ്പെടുത്തി നിരീക്ഷണകുറിപ്പ് തയ്യാറാക്കുക?

13. അറബിമലയാളത്തിലെ നാട്ടുമൊഴിക്കാരനാണ് പുലിക്കോട്ടിൽ ഹൈദർ -ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക

14.സമർത്ഥയായ തോഴിയാണ് കേശിനി. പാഠഭാഗത്തിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക.

15. കാക്കരിശ്ശി നാടകം -ലഘുക്കുറിപ്പ് തയ്യാറാക്കുക

.

(4×4=16))

ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16.. "നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും"

(മഹാഭാരതം കിളിപ്പാട്ട് )

"അയാളെ ഞാൻ നോക്കിക്കോളാം ഫാദർ"

(പച്ചവിരൽ -ദയാഭായി)

നന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മുകളിൽ കൊടുത്ത സാധനങ്ങളുടെ പ്രസക്തി വിശകലനം ചെയ്യുക.

17. ശീലാവാതിക്കും ശകുന്തളയും സ്ത്രീത്വത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് -വിലയിരുത്തുക.

18. പ്രകൃതിനാശത്തിന്റെ തീക്ഷണതയിലും ശുഭാപ്തി വിശ്വാസമാണ് 'കിരാതവൃത്തം'എന്ന കവിത മുന്നോട്ടു വയ്ക്കുന്ന ആശയം വിശദമാക്കുക.

19.. അന്നവും വസ്ത്രവും തന്ന് രക്ഷിക്കുന്നവനാണ് ഞങ്ങളുടെ തമ്പുരാൻ -ദൈവദശകത്തിലെ ഈ ആശയം 'അഗ്നിവർണ്ണന്റെ കാലുകൾ ' എന്ന നാടകത്തിലെ രാജാവുമായി യോജിക്കുന്നുണ്ടോ?

20. സഞ്ചാരസാഹിത്യത്തിനുവേണ്ട സവിശേഷതകൾ എന്തെല്ലാമാണെന്ന് എസ്. കെ പൊറ്റക്കാടിന്റെയും എം പി വീരേന്ദ്രകുമാരിന്റെയും യാത്രാവിവരണങ്ങളെ അടിസ്ഥാനമാക്കി കണ്ടെത്തുക.

21. നിലവിലുള്ള കമ്പോളസംസ്കാരത്തിന്റെ ചതിക്കുഴികൾ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ പ്രതിഫലിക്കുന്നതെങ്ങനെ?

ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നര പേജിൽ കവിയാതെ ഉത്തരം എഴുതുക

22.നിലവിലുള്ള സ്ത്രീ സങ്കൽപ്പങ്ങളെ നിരാകരിക്കുന്ന കഥാപാത്രമാണ് ഗൗളിജന്മത്തിലെ പെൺ ഗൗളി. സമകാലിക സ്ത്രീ അവസ്ഥകളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

23. പരിമിതികളുണ്ടെങ്കിലും വർത്തമാനകാലത്തെ ഏറെ സ്വാധീനിക്കുന്നുണ്ട് സാമൂഹിക മാധ്യമങ്ങൾ. പരമ്പരാഗത മാധ്യമങ്ങളെ അപേക്ഷിച്ച് സാമൂഹിക മാധ്യമങ്ങൾക്കുള്ള ശക്തിയും സാധ്യതകളും വിശദമാക്കുക.

24.പൊയ്പ്പോയ ജീവിതത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമമാണ് ടോട്ടോയും ജോവലും 'പ്രകാശം ജലം പോലെയാണ് ' എന്ന കഥയിൽ നടത്തുന്നത്. പാഠപുസ്തകത്തെ ആസ്പദമാക്കിക്കൊണ്ട് ഉപന്യാസം തയ്യാറാക്കുക

(2×8=16)

25.ജാതിചിന്തകൾ കൊടുമ്പിരികൊണ്ട കാലത്താണ് ശ്രീനാരായണഗുരു 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന സന്ദേശവുമായി ജനഹൃദയങ്ങളിലേക്കിറങ്ങി വന്നത്. ആത്മാവിനെ ചികിൽസിക്കുന്നതിനോടൊപ്പം

തന്നെ ഭൗതിക ജീവിത പുരോഗതിയിലേക്ക് ജനങ്ങളെ കൈപിടിച്ചാനയിക്കാൻ ഗുരു പ്രയത്നിച്ചു.'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് 'എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതദർശനം. അബ്രാഹ്മണർക്ക് പ്രതിഷ്ഠ നടത്താൻ അവകാശമില്ലാതിരുന്നകാലത്ത് ശിവ പ്രതിഷ്ഠ നടത്തി അദ്ദേഹം വിപ്ലവം സൃഷ്ടിച്ചു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സംഘടിച്ചു ശക്തരാകുക വിദ്യ കൊണ്ട് പ്രബുദ്ധരാകുക എന്ന സന്ദേശം അദ്ദേഹം പ്രചരിപ്പിച്ചു.

a. ശ്രീനാരായണഗുരുവിന്റെ സന്ദേശം എന്ത്?

b. ശ്രീനാരായണഗുരുവിന്റെ ജീവിതദർശനം എന്ത്?

c. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗുരു പറഞ്ഞതെന്ത്?

(3×2=6)

## തയ്യാറാക്കിയത്

1. Vinayan. –S N M H S S Parappanangadi

2.Gopalakrishnan –G F H S S Tanur

3.Dileep kumar –Devadhar H S S

4.Jisha – P P T M Y H S S Cherur

5.Nesy Tom – N N M H S S Chelembra

5.Kumari Sheeja – P K M M H S S Edarikkod

6.Jithamol vellarapurakkal – G H S S Peruvallur

7.Sreelal k m – G H S S Puthupparamba